# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 258 — 19/02/2016 -ൽ മറുപടിക്ക്

## സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;<br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;<br>(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ), (ബി) & (സി) കേരള സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10-ാം ക്ലാസുവരെ മലയാളം നിർബന്ധഭാഷയാക്കിക്കൊണ്ട് സർക്കാർ 01.09.2011 -ൽ സ.ഉ(പി) നം.183/2011/പൊ.വി.വ പ്രകാരം ഉത്തരവു പുറപ്പെടുവിച്ചു. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ മറ്റ് ബോർഡുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള സ്കൂളുകളിലും സർക്കാർ-എയ്ഡഡ് സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. അൺ എയ്ഡഡ് (സ്വകാര്യ) സ്കൂളുകൾക്ക് എൻ.ഒ.സി ലഭിക്കുന്നതിന് ഈ വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നട, തമിഴ് , ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾ അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്കു പുറമെ മലയാളം |

(...........2)

കൂടി പഠിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാത്തരം വിദ്യാലയങ്ങളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ ഉത്തരവു പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ മലയാള പഠനത്തിന് പ്രധാന്യം നൽകുമ്പോൾ വേണ്ടിവരുന്ന പാഠപുസ്തകങ്ങൾ രൂപപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പിരിയഡുകളുടെ ക്രമീകരണം, പരീക്ഷാരീതി, അദ്ധ്യാപകരുടെ ക്രമീകരണം തുടങ്ങിയ കാര്യങ്ങളും മേൽപ്പറഞ്ഞ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പുകൾ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്കും വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളിലും കൂടാതെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട് ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്.

Sinathe

**സെക്ഷൻ ഓഫീസർ**